(ബി) ഇവ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്തെല്ലാം?

ഉത്തരം

(എ) ഹയർ സെക്കണ്ടറി കോഴ്സ് തുടങ്ങാൻ ഇക്കൊല്ലം പുതിയ സ്കൂളുകൾക്ക് ഒന്നും അനുവാദം നൽകിയിട്ടില്ല. എന്നാൽ തിരുവനന്തപുരത്തും കണ്ണൂരുമുള്ള സ്പോർട്സ് സ്കൂളുകളിലും മറ്റു ചില സ്കൂളുകളിലും ഈ കോഴ്സ് തുടങ്ങാൻ ആലോചനയുണ്ട്.

(ബി) കോഴ്സുകൾ നടത്താനുള്ള സൗകര്യം, യോഗ്യതയുള്ള അദ്ധ്യാപകരുടെയും കോഴ്സുകൾക്കു മുടക്കേണ്ടിവരുന്ന പണത്തിന്റെയും ലഭ്യത എന്നിവയാണ് അടിസ്ഥാന മാനദണ്ഡങ്ങൾ.

പുതുതായി സ്കൂൾ തുടങ്ങുന്നതിന് നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലങ്ങൾ

1162 [1593] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1985 മേയ് 31-ാം തീയതിവരെ പുതിയതായി സ്കൂൾ തുടങ്ങുന്നതിനു നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലങ്ങൾ എത്രയാണ് ;

(ബി) മുൻ സർക്കാരുകൾ നോട്ടിഫൈ ചെയ്തതും, അല്ലാത്തതും ആയ സ്ഥലങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1985 മേയ് 31-ാം തീയതി വരെ ആകെ എത്ര സ്കൂളുകൾ അനുവദിച്ചിട്ടുണ്ട് ;

(സി) അതിൽ എയിഡഡ് എത്ര ;

(ഡി) അൺ എയിഡഡ് എത്ര ;

(ഇ) ഇതിൽ ഹൈസ്കൂളുകൾ എത്ര വീതം ;

(എഫ്) യു. പി. സ്കൂളുകൾ എത്ര വീതം ;

(ജി) എൽ. പി. സ്കൂളുകൾ എത്രവീതം ;

(എച്ച്) ഇതിൽ സർക്കാർ ഉടമയിലുള്ളത് എത്ര ?

ഉത്തരം

(എ) എയിഡഡ് സ്കൂളിനുവേണ്ടി മുൻ സർക്കാരിന്റെ കാലത്തു പ്രസിദ്ധീകരിച്ച പ്രാഥമിക സ്ഥല നിർണ്ണയ ലിസ്റ്റിന്റെ തുടർച്ചയായി 27-1-1983-ൽ പ്രസിദ്ധീകരിച്ച അന്തിമ സ്ഥല നിർണ്ണയ ലിസ്റ്റിലെ 218 സ്ഥലങ്ങളും അൺ എയിഡഡ് സ്കൂളുകൾക്കുവേണ്ടി മുൻ സർക്കാരിന്റെ കാലത്തു പ്രസിദ്ധീകരിച്ച പ്രാഥമിക സ്ഥല നിർണ്ണയ ലിസ്റ്റിന്റെ തുടർച്ചയായി 1-1-1983-ൽ പ്രസിദ്ധീകരിച്ച 147 സ്ഥലങ്ങളും ഉൾപ്പെടെ 553 സ്ഥലങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1985 മേയ് 31-ാം തീയതി വരെ പുതുതായി സ്കൂളുകൾ അനുവദിക്കുന്നതിനു നോട്ടിഫൈ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 31-7-1981 ലും 24-2-1982 ലും പ്രസിദ്ധീകരിച്ച സ്ഥല നിർണ്ണയ ലിസ്റ്റിലെ 382 സ്ഥലങ്ങളിൽ നിന്നും മുൻ ഗവൺമെൻറ് അനുവദിച്ചതിനുശേഷമുള്ള സ്ഥലങ്ങളിൽ നിയമപരമായ ആ ബാദ്ധ്യത നിറവേറ്റുന്നതിനായി 85 എയിഡഡ് സ്കൂളുകളും മുൻ ഗവൺമെൻറിൻെറ കാലത്ത് പ്രസിദ്ധീകരിച്ച പ്രാഥമിക ലിസ്റ്റിൻെറ തുടർച്ചയായി-27-1-1983-ൽ പ്രസിദ്ധീകരിച്ച അന്തിമ സ്ഥല നിർണ്ണയ ലിസ്റ്റിൽനിന്നും 241 എയിഡഡ് സ്കൂളുകളും മുൻ ഗവൺമെൻറിൻെറ കാലത്ത് പ്രസിദ്ധീകരിച്ച പ്രാഥമിക സ്ഥല നിർണ്ണയ ലിസ്റ്റിൻെറ തുടർച്ചയായി 1-1-1983-ൽ പ്രസിദ്ധീകരിച്ച അന്തിമ സ്ഥല നിർണ്ണയ ലിസ്റ്റിൽ നിന്നുമുള്ള 119 അൺ എയിഡഡ് സ്കൂളുകളും ഉൾപ്പെട്ട 258 അംഗീകൃത സ്കൂളുകളും 92 സർക്കാർ സ്കൂളുകളും ഉൾപ്പെടെ 678 സ്കൂളുകളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1985 മേയ് 31-ാം തീയതി വരെ അനുവദിച്ചിട്ടുണ്ട്.

(സി) 326

(ഡി) 258

(ഇ) എയിഡഡ് എച്ച്. എസ് 143

അൺ എയിഡഡ് എച്ച്. എസ്. 44

(എഫ്) എയിഡഡ് 97

അൺ എയിഡഡ് 86

(ജി) എയിഡഡ് 86

അൺ എയിഡഡ് 128

(എച്ച്) ഹൈസ്കൂളുകൾ 24

യു.പി.എസ്. 45

എൽ.പി.എസ്. 23

ശ്രീനാരായണപുരം പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ അനുവദിക്കണമെന്ന ആവശ്യം

1163 [1594] ശ്രീ. പി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ താലൂക്കിൽപ്പെട്ട ശ്രീനാരായണപുരം പഞ്ചായത്തിൻെറ കടലോരമേഖലയായ പടിഞ്ഞാറെ വെമ്പല്ലൂർ ഭാഗത്ത് ഒരു ഹൈസ്കൂൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരിൽ നിന്നെല്ലാം ;

(സി) ഹൈസ്കൂൾ ആരംഭിക്കാൻ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ഹൈസ്കൂൾ എന്നത്തേക്ക് അനുവദിക്കും ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള കോൺഗ്രസ് കൊടുങ്ങല്ലൂർ നിയോജകമണ്ഡലം കമ്മിറ്റി പ്രസിഡൻറ് ശ്രീ. പി. ജെ. ഫ്രാൻസിസിൽനിന്നും.

LIBRARY ARCHIVES Kerala Legislative Assembly